പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3250 21.08.2017-ലെ മറുപടിക്ക്

## ആദിവാസി പിന്നോക്ക മേഖലയിലെ യാത്രാക്ലേശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എസ്. ശബരീനാഥൻ | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അരുവിക്കര നിയോജക മണ്ഡലത്തിലെ കുറ്റിച്ചൽ പഞ്ചായത്തിലെ ആദിവാസി വനമേഖലകളിൽ നിലവിൽ ഉണ്ടായിരുന്നതും സർവ്വീസ് നടത്തിക്കൊണ്ടിരുന്നതുമായ ഏതെല്ലാം ബസ് സർവ്വീസുകളാണ് നിർത്തിയിട്ടുള്ളത്; ഇവയുടെ വിശദാംശം ഡ്യൂട്ടി നമ്പർ സഹിതം നൽകാമോ; | (എ) | അരുവിക്കര നിയോജകമണ്ഡലത്തിലെ ആദിവാസി വനമേഖലകളിൽ നിലവിൽ ഉണ്ടായിരുന്നതും സർവ്വീസ് നടത്തിക്കൊണ്ടിരുന്നതുമായ സർവ്വീസുകളൊന്നും നിർത്തലാക്കിയിട്ടില്ല. |
| (ബി) | കുറ്റിച്ചൽ പഞ്ചായത്തിലെ വനമേഖലകളിലേക്കും വിനോദ സഞ്ചാര കേന്ദ്രമായ കാപ്പ്കാട് ഭാഗത്തേയ്ക്കും ഉണ്ടായിരുന്ന ബസ് സർവ്വീസുകൾ നിർത്തിയത് ആദിവാസികൾക്കും വിനോദ സഞ്ചാരികൾക്കും ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | കുറ്റിച്ചൽ പഞ്ചായത്തിലെ വനമേഖലകളിലേക്കും വിനോദ സഞ്ചാര കേന്ദ്രമായ കാപ്പുകാട് ഭാഗത്തേക്കും ഉണ്ടായിരുന്ന ബസ് സർവ്വീസുകൾ ഒന്നും നിർത്തലാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | സമൂഹത്തിലെ ഏറ്റവും പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന ആദിവാസികൾ താമസിക്കുന്ന വനപ്രദേശത്തേയ്ക്കുള്ള ബസ്സ് സർവ്വീസുകൾ യാത്രക്കാരുടെ കുറവും വരുമാനത്തിന്റെ കുറവും കാരണമാക്കി നിർത്തുന്നത് മൂലം ആദിവാസികളുടെ യാത്രാ സ്വാതന്ത്ര്യവും അവരുടെ അവകാശങ്ങളും നിഷേധിക്കപ്പെടുന്ന എന്ന ഗൗരവ സാഹചര്യം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | ആദിവാസി മേഖലകളിലേക്ക് നടത്തി വന്നിരുന്ന സർവ്വീസുകൾ സാമ്പത്തിക ബാദ്ധ്യതയുടെ പേരിൽ നിർത്തലാക്കിയിട്ടില്ല. ആദിവാസികളുടെ യാത്രാസ്വാതന്ത്ര്യവും അവരുടെ അവകാശങ്ങളും സംരക്ഷിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി സർവ്വീസുകൾ നടത്തുന്നതാണ്. |
| (ഡി) | വരുമാന കുറവ് എന്ന കാരണം പറഞ്ഞ് ബസ്സ് സർവ്വീസുകൾ നിർത്തുന്നത് മൂലം കുറ്റിച്ചൽ പഞ്ചായത്തിലെ കോട്ടൂർ ഭാഗത്ത് നിന്നും മറ്റ് സ്ഥലങ്ങളിലേയ്ക്ക് യാത്ര ചെയ്യുന്നവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ അടിയന്തരമായി പരിഗണിച്ച് നിർത്തലാക്കിയ ബസ്സ് സർവ്വീസുകൾ ഉടൻ പുനസ്ഥാപിക്കുമോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കാമോ? | (ഡി) | കുറ്റിച്ചൽ പഞ്ചായത്തിലെ കോട്ടൂർ ഭാഗത്ത് നിന്നും മറ്റ് സ്ഥലങ്ങളിലേക്ക് യാത്ര ചെയ്യുന്നവർക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന തരത്തിൽ കെ.എസ്.ആർ.ടി.സി ബസ് സർവ്വീസുകൾ നിർത്തലാക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**